# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3921 15.05.2017 ലെ മറുപടി**

**പൊതുകളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കുടിവെള്ളക്ഷാമം രൂക്ഷമായ ഈ കാലഘട്ടത്തിൽ കുടിവെള്ള സംരക്ഷണത്തിന് പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കേരളത്തിൽ പൊതു, സ്വകാര്യ ക്ഷേത്രം വക എന്നിവയിലായി ഏകദേശം 41028 കുളങ്ങൾ ഉണ്ടെങ്കിലും അവയിൽ പലതും കൈയ്യേറ്റം, മണ്ണിടിച്ചിൽ, എക്കൽ അടിയൽ, ചെടിപടലങ്ങൾ എന്നിവ മൂലം നാശോൻമുഖമായിക്കൊണ്ടിരിക്കുന്നു.<br>ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ഓരോ പൊതു കുളത്തിന്റെയും ജലസേചനസംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് ആദ്യ ഘട്ടമായി 320 കോടി രൂപ ചിലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MGNREGS ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവർത്തി നടപ്പിലാക്കുന്നത്. ഇതിനായി ഏകദേശം 6011 കുളങ്ങളുടെ വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ, പ്ലാൻ സ്കീം / സ്റ്റേറ്റ്ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയും കുളങ്ങൾ നവീകരിക്കുന്നതാണ്. . |
| (ബി സർക്കാരിൽ നിന്നും എന്തൊക്കെ സാമ്പത്തികസഹായമാണ് ഇതിനു നല്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | (സി) MGNREGS ന്റെ ഫണ്ട് ഉപയോഗിച്ചും ജലസേചനവകുപ്പിനു ടാങ്കുകളും കുളങ്ങളും പുനരുദ്ധരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള Plan Fund ഉപയോഗിച്ചുമാണ് ഈ പ്രവർത്തികൾ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ